# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 226 10.12.2012-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

### കൊലപാതക കേസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം.ആരിഫ് | ശ്രീ.രമേശ് ചെന്നിത്തല<br>(ബഹു.ആഭ്യന്തരവും, വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ എത്ര; കൊല്ലപ്പെട്ടവരിൽ മലയാളികൾ എത്ര; അല്ലാത്തവരെത്ര; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം 26.02.2015 വരെ സംസ്ഥാനത്ത് 1401 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. കൊല്ലപ്പെട്ടവരിൽ മലയാളികൾ 1282 പേരും, അല്ലാത്തവർ 117 പേരുമാണ്. കൊല്ലപ്പെട്ടവരിൽ രണ്ടു പേരെ തിരിച്ചറിഞ്ഞിട്ടില്ല. |
| (ബി) പോലീസ് അന്വേഷണത്തിലിരിക്കുന്ന കൊലപാതക കേസുകൾ എത്ര; ഏതെല്ലാം കൊലപാത കേസുകൾ സി.ബി.ഐ. അന്വേഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) നിലവിൽ പോലീസ് അന്വേഷണത്തിലിരിക്കുന്ന കൊലപാതക കേസുകൾ 339. മേൽപ്പറയുന്ന കേസുകളിൽ ഒരെണ്ണം സി.ബി.ഐ.യ്ക്ക് അനേഷണത്തിനായി കൈമാറിയിട്ടുണ്ട്. കേസിന്റെ വിവരം ചുവടെ ചേർക്കുന്നു.<br>കൊല്ലപ്പെട്ടയാൾ - മനോജ് ഇളംതോട്ടത്തിൽ<br>പോലീസ് സ്റ്റേഷൻ - കതിരൂർ<br>ക്രൈം.നമ്പർ - 780/14 u/s 143, 147, 148, 324, 302, 307 r/w 149 IPC & Sec.3&5 of ES Act & Sec.15(1) (a) (i) r/w 16(a) UAPA. |
| (സി) ഏതെല്ലാം കൊലപാത കേസുകൾ സി.ബി.ഐ.യ്ക്ക് വിടണമെന്ന് കൊലചെയ്യപ്പെട്ടവരുടെ ബന്ധുക്കൾ ആവശ്യപ്പെടുകയുണ്ടായി; | (സി) കൂടുതൽ മെച്ചപ്പെട്ട അന്വേഷണം എന്ന ഉദ്ദേശ്യത്തോടെ ഒട്ടനവധി അപേക്ഷകളിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാറുണ്ട്. എന്നാൽ കേസിന്റെ സ്വഭാവവും, വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനകളും, പുതിയ വെളിപ്പെടുത്തലുകളും, കേസിന്റെ നിയമവശങ്ങളും മറ്റും പരിഗണിച്ചും, സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയും കൂടി കണക്കിലെടുത്തുമാണ് സാധാരണ കേസുകൾ സി.ബി.ഐ. അന്വേഷണത്തിന് വിടുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കൊലപാതക കേസ് അന്വേഷണം സി.ബി.ഐ.യ്ക്ക് വിടണം എന്നാവശ്യപ്പെട്ട ഏതെല്ലാം കേസുകളിൽ കൊല ചെയ്യപ്പെട്ടവരുടെ വീടുകളിൽ ചെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി ബന്ധുക്കളുമായി ചർച്ച നടത്തുകയുണ്ടായി; | (ഡി) & (ഇ) | ഈ കാലയളവിൽ സംസ്ഥാനത്ത് കൊല ചെയ്യപ്പെട്ടവരുടെ വീടുകളിൽ ബഹു.മുഖ്യമന്ത്രിയും, ആഭ്യന്തര വകുപ്പുമന്ത്രിയും വിവിധ ഘട്ടങ്ങളിലായി നടത്തിയ സന്ദർശനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം-I** ആയി ചേർത്തിരിക്കുന്നു. |
| (ഇ) | സംസ്ഥാനത്ത് കൊലചെയ്യപ്പെട്ട എത്ര പേരുടെ വീടുകളിൽ ആഭ്യന്തര വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും ഈ കാലയളവിൽ നേരിട്ട് സന്ദർശനം നടത്തുകയുണ്ടായി; | | |
| (എഫ്) | ആഭ്യന്തര വകുപ്പ് മന്ത്രി ഒന്നിലധികം തവണ വീട് സന്ദർശനം നടത്തി ബന്ധുക്കളുമായി ചർച്ച നടത്തിയ കൊലപാതക കേസ് ഏതായിരുന്നു; വ്യക്തമാക്കുമോ? | (എഫ്) | കൊലചെയ്യപ്പെട്ട ടി.പി.ചന്ദ്രശേഖരന്റെ വീട്ടിൽ ആഭ്യന്തര വകുപ്പ് മന്ത്രി 3 തവണ സന്ദർശനം നടത്തുകയുണ്ടായി. വിശദാംശങ്ങൾ **അനുബന്ധം-II** ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

കൊല ചെയ്യപ്പെട്ടവരുടെ വീടുകളിൽ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും വിവിധ ഘട്ടങ്ങളിലായി സന്ദർശനം നടത്തിയതിന്റെ വിശദവിവരം

| District | Police Station | Cr. No & Sec. of Law | Name of the Victim | Visit of Chief Minister with date | Visit of Home Minister with date |
|---|---|---|---|---|---|
| TVM-RL | Vattappara PS | Cr. 156/2012, U/s 449, 392, 376, 302 IPC | Arya | 09-03-2012 | Nil |
| KLM C | Parippally PS | Cr. 796/2012, U/s 333, 307, 302, 34 IPC | Maniyan Pillai | 26-06-2012 | 26-06-2012 |
| | Costal PS | Cr. 2/2012, U/s 302 IPC | Valentine @ Jelastin | 02/2012 | Nil |
| PTA | Adoor PS | 505/2013, U/s 397, 302, 454 IPC | Ramla Beevi | Nil | 14-03-2013 |
| TSR-C | Peramangalam PS | Cr. 173/2015, U/s 341, 323, 324, 326, 302, 506(1), 294(b) IPC | Chandrabose | Nil | 21-02-2015 |
| TSR- R | Mathilakom PS | Cr. 537/2014 U/s 143, 147, 148, 341, 324, 326, 120(b), 201, 212, 307, 302, 149 IPC and 27 of arms act | Navas | 16-03-2014 | 22-03-2014 |
| KKD RL | Nadapuram PS | Cr. 89/2015, U/s 143, 147, 148, 324, 326, 307, r/w 149 IPC | Shibin | 09-02-2015 | 09-02-2015 |
| | Vadakara PS | Cr. 433/2012 U/s 302 IPC and Sec 3 of ES Act | Chandrasekharan.T.P | 05-05-2012 | 23-06-2012, 07-08-2012, 24-09-2012 |

അനുബന്ധം-II

**ആഭ്യന്തര മന്ത്രി ഒന്നിലധികം തവണ വീട് സന്ദർശനം നടത്തി ബന്ധുക്കളുമായി ചർച്ച നടത്തിയ കൊലപാതക കേസിന്റെ വിവരം**

| District | PS | Cr. No & Sec. of Law | Name of the Victim | Visit of Home Minister with date |
|---|---|---|---|---|
| KKD RL | Vadakara PS | Cr. 433/12 U/s 302 IPC and Sec 3 of ES Act | Chandrasekharan.T.P | 23-06-2012, 07-08-2012, 24-09-2012 |

സെക്ഷൻ ഓഫീസർ